LIBRARY ARCHIVES Kerala Legislative Assembly

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

153 (5858) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എഫ്.സി. വായ്പാ കുടിശ്ശിക തീർക്കുന്നതിന് നിലവിൽ എന്തെല്ലാം ഇളവുകളാണ് നൽകുന്നതെന്ന് വിശദമാക്കുമോ ;

(ബി) കെഎഫ്.സി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പുനരാരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഈ ആനുകൂല്യം എന്നുമുതൽ പ്രാബല്യത്തിൽ വരുത്താനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?.

ഉത്തരം

(എ) (1) വ്യവസായ സംരംഭം പ്രായോഗികമല്ലാതായി പോകുന്ന അവസരങ്ങളിലോ പ്രധാന സംരംഭകൻ മരിച്ചു പോകുകയോ ചെയ്യുന്ന അവസരങ്ങളിൽ ചില ഉപാധികൾക്കു വിധേയമായി പിഴപ്പലിശ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് മുഴുവനായും എഴുതിത്തള്ളാൻ വ്യവസ്ഥയുണ്ട്.

(2) കെ.എഫ്.സി.യിൽ നിന്നും വായ്പ എടുത്ത്, സംരംഭകരുടേതല്ലാത്ത കാരണങ്ങളാൽ കുടിശ്ശിക തിരിച്ചടയ്ക്കുവാൻ സാധിക്കാതെ വരുന്ന അവസരത്തിൽ കുടിശ്ശിക തീർക്കുന്നതിന് താഴെപ്പറയുന്ന ഇളവുകൾ അനുവദിച്ചു കൊണ്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ട്. ഇതിന്റെ ഭാഗമായി പലിശ, പിഴപ്പലിശ മുതലായവ പൂർണ്ണമായോ ഭാഗികമായോ എഴുതിത്തള്ളുകയോ, വളരെ അർഹതപ്പെട്ട കേസുകളിൽ മുതലിന്റെ നിശ്ചിത ശതമാനം വരെ എഴുതിത്തള്ളുകയോ ചെയ്യാറുണ്ട്. (നിബന്ധനകൾക്ക് വിധേയമായി). വായ്പാ പുനർക്രമീകരിക്കുക., പുനരധിവസിപ്പിക്കുക, കെ.എഫ്.സി.യുടെ റിക്കവറി പോളിസിയനുസരിച്ച് ഓരോ ലോണും പ്രത്യേകമായെടുത്ത് അർഹതയനുസരിച്ച് കോംപ്രമൈസ് സെറ്റിൽമെന്റ് അനുവദിക്കുക എന്നിവയും ചെയ്യാറുണ്ട്.

(ബി) കെ.എഫ്.സി.യിൽ നിന്നും വായ്പ എടുത്ത് സംരംഭകരുടേതല്ലാത്ത കാരണങ്ങളാൽ കുടിശ്ശിക തിരിച്ചടയ്ക്കുവാൻ സാധിക്കാതെ വരുന്ന അവസരത്തിൽ കുടിശ്ശിക തീർക്കുന്നതിന് പരമാവധി ഇളവുകൾ അനുവദിച്ചു കൊണ്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ട്.

(സി) പദ്ധതി വളരെ കാലമായി നിലവിലുണ്ട്. അത് തുടർന്നു പോരുന്നു.

മരാമത്ത് വകുപ്പിൽ ഇ- ടെണ്ടറിംഗ് സംവിധാനം

154 (5859) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലായിക്കഴിഞ്ഞാൽ നിലവിലുള്ള സംവിധാനങ്ങളിലൂടെ നടത്തപ്പെടാനിടയുള്ള എന്തൊക്കെ ക്രമക്കേടുകൾ ഒഴിവാക്കാനാകും എന്നാണ് കരുതുന്നത് ;